തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം – 676 502

# നാൽപ്പത്തിയഞ്ചാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ

**തിരൂർ, 2020 ആഗസ്റ്റ് 25, രാവിലെ 10.30 ന്**

**(ഗൂഗിൾമീറ്റ് വീഡിയോ കോൺഫറൻസ് വഴി)**

**പങ്കെടുത്തവർ:**

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ വിജയകുമാർ ആർ. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യസ വകുപ്പ്)
3. ശ്രീ ഫെറോൾഡ് സേവ്യർ (അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീ അജിത് കെ ജോസഫ് (അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യവകുപ്പ്)
5. ഡോ. സി.പി. ചിത്രഭാനു
6. ഡോ. എ.കെ. നമ്പ്യാർ
7. ഡോ. സി. രാജേന്ദ്രൻ
8. ഡോ. സി.പി. അച്യുതനുണ്ണി
9. ഡോ. കെ.കെ.എൻ. കുറുപ്പ്
10. ശ്രീ മട്ടന്നൂർ ശങ്കരൻകുട്ടി
11. ശ്രീ മുസമ്മിൽ കെ. (വിദ്യാർത്ഥി പ്രതിനിധി)

ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ- ചാർജ്) യോഗത്തിൽ സന്നിഹിതയായിരുന്നു രാവിലെ 10.30 ന് യോഗനടപടികൾ ആരംഭിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2020.28**

വിഷയം: **44-ാമത് നിർവാഹകസമിതി യോഗത്തിന്റെ തീരുമാനങ്ങൾ അംഗീകരിക്കുന്നതു സംബന്ധിച്ച്**

തീരുമാനം: നാൽപത്തിനാലാമത് നിർവാഹകസമിതിയോഗത്തിന്റെ മിനിറ്റ്സ് സ്ഥിരീകരിക്കുന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ, 2020.19-ാമത് ഇനമായി എടുത്തിട്ടുള്ള തീരുമാനം നടപ്പിലാക്കിയ ശേഷം ഓഫീസ് പ്രവർത്തനത്തിനുള്ള ജീവനക്കാരുടെ എണ്ണം കണക്കാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് എഴുതി ഉദ്യോഗാർത്ഥികളുടെ പട്ടിക വാങ്ങി നിയമനനടപടികൾ ആരംഭിക്കണമെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ ഫെറോൾഡ് സേവ്യർ അഭിപ്രായപ്പെട്ടു. ദിവസ/കരാർ വേതന വർദ്ധനവ് അനുവദിച്ച് സർക്കാർ ഇറക്കിയ ഉത്തരവിൽ (സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 81/2019/ധന തിരുവനന്തപുരം, തിയതി, 09.07.2019) അതത് തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള സഞ്ചിത വേതനത്തിൽ കൂടുതൽ നൽകാൻ പാടുള്ളതല്ലെന്നും

അദ്ദേഹം പറഞ്ഞു. തുടർന്ന് ചർച്ചയിൽ പങ്കെടുത്ത ഡോ. സി.പി. ചിത്ര ഭാനു സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ള തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ അനുമതി ലഭിച്ച് സ്ഥിര നിയമനം നടക്കുന്നതുവരെയോ കരാർ കാലാവധി വരെയോ ഏതാണോ ആദ്യം അതുവരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളവരെ സർവകലാശാലാ സേവനത്തിൽ തുടരാൻ അനുവദി ക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. പിന്നീട് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഓഫീസ് പ്രവർത്തനങ്ങളിൽ നിശ്ചിതമായ മുൻപരിചയം ഉള്ളവരുടെ പട്ടിക ലഭ്യമാക്കാൻ ആവശ്യമായ നടപടി കൂടി സ്വീകരിക്കണമെന്ന് ഡോ. എ.കെ. നമ്പ്യാർ അഭിപ്രായപ്പെട്ടു. മേൽകൊടുത്ത അഭിപ്രായങ്ങൾ കൂടി രേഖപ്പെ ടുത്തി നാൽപത്തിനാലാമത് യോഗത്തിന്റെ മിനിറ്റ്സ് സ്ഥിരീകരിച്ചു.

---

ഇനം നമ്പർ: **2020.29**

വിഷയം: **മുൻതീരുമാനങ്ങളിൻമേലുള്ള തുടർനടപടികൾ**

തീരുമാനം: തുടർനടപടി റിപ്പോർട്ട് അംഗീകരിച്ചു. പ്രോജക്ടുകളുടെ പ്രവർത്തനസംബ ന്ധമായി 43-ാമത് യോഗത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കാത്തതിൽ യോഗം അസംതൃപ്തി രേഖപ്പെടുത്തി. അടുത്ത യോഗത്തിൽ ഇത് സംബ ന്ധിച്ചുള്ള വസ്തുതകൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് തീരുമാനിച്ചു.

---

ഇനം നമ്പർ: **2020.30**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: അംഗീകരിച്ചു.

---

ഇനം നമ്പർ: **2020.31**

വിഷയം: **രജിസ്ട്രാർ, പരീക്ഷാകൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ തസ്തി കകളിലേക്കുള്ള നിയമനത്തിനുള്ള മാനദണ്ഡങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സ്റ്റാറ്റ്യൂട്ടറി തസ്തികകളായ രജിസ്ട്രാർ, പരീക്ഷാകൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവയിലേക്ക് നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ (selection criteria) യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. (അനുബന്ധം 1 (എ), ബി & സി). സർവകലാശാല ഇറക്കിയ വിജ്ഞാപനമനുസരിച്ച് ആഗസ്റ്റ് 12 വരെ ആഫീസിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള സ്ക്രീനിങ് കമ്മിറ്റി രൂപീകരിക്കുന്നതിന് യോഗം വൈസ് ചാൻസലറെ ചുമതലപ്പെടുത്തി.

പരീക്ഷാ കൺട്രോളർ തസ്തികയിലേക്ക് യു.ജി.സി. നിശ്ചയിച്ചിട്ടുള്ള പ്രവൃ ത്തിപരിചയവും വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ളതും തമ്മിൽ എന്തെങ്കിലും മാറ്റം ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമോപദേശം വാങ്ങി ശുദ്ധിപത്രം സർവ കലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് വ്യക്തത വരുത്തേണ്ടതാണെന്നും തീരുമാനിച്ചു.

(316/2017/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.32**

വിഷയം: **പിഎച്ച്.ഡി. ബിരുദം നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: ബന്ധപ്പെട്ട ഫാക്കൽറ്റികൾക്ക് കീഴിൽ ഗവേഷണം വിജയകരമായി പൂർത്തിയാക്കി പിഎച്ച്.ഡി. ബിരുദത്തിന് അർഹരാണെന്ന് അതത് ഗവേഷണ കമ്മിറ്റികൾ നൽകിയിട്ടുള്ള ശുപാർശകൾ അംഗീകരിച്ച് ശ്രീമതി കൃപ കെ.പി. (മാധ്യമപഠന ഫാക്കൽറ്റി), ശ്രീ യദുനന്ദനൻ എസ്.ആർ. (മാധ്യമപഠന ഫാക്കൽറ്റി), ശ്രീമതി ലിജിഷ എ.ടി, (ഭാഷാപഠനഫാക്കൽറ്റി) എന്നിവർക്ക് പിഎച്ച്.ഡി. ബിരുദം നൽകുവാൻ തീരുമാനിച്ചു.

(891/2019/അക്കാദമികം - 892/2019/അക്കാദമികം - 3546/എ4/2019 ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.33**

വിഷയം: **ഒഴിവുള്ള അദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച്**

തീരുമാനം: സർവകലാശാലയിലെ വിവിധ ഫാക്കൽറ്റികളിൽ ഒഴിഞ്ഞുകിടക്കുന്ന 12 അദ്ധ്യാപക തസ്തികകളിലേക്ക് (അസിസ്റ്റന്റ് പ്രൊഫസർ - 3, അസോസിയേറ്റ് പ്രൊഫസർ - 7, പ്രൊഫസർ -2) പൊതുവിജ്ഞാപനം വഴി നിയമനം നടത്തുവാൻ തീരുമാനിച്ചു.

(861/2020/അഡ്മിൻ - ഭരണവിഭാഗം)

---

ഇനം നമ്പർ: **2020.34**

വിഷയം: **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരൂർ ടൗൺ ബ്രാഞ്ചിൽ സർവകലാശാല വൈസ് ചാൻസലറുടെ പേരിലുള്ള കറന്റ് അക്കൗണ്ട്, സേവിങ്സ് ബാങ്ക് അക്കൗണ്ടാക്കി മാറ്റുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച്**

തീരുമാനം: അംഗീകരിച്ചു.

(3807/2019/ഫിൻ - ധനകാര്യവിഭാഗം)

---

ഇനം നമ്പർ: **2020.35**

വിഷയം: **ഉത്സവബത്തയും ഓണം അഡ്വാൻസും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കിയ നടപടി സംബന്ധിച്ചുള്ള റിപ്പോർട്ട്**

തീരുമാനം: ശ്രദ്ധിച്ചു.

(1207/എ1/2020/അക്കൗണ്ട്സ് - ധനകാര്യവിഭാഗം)

---

ഇനം നമ്പർ: **2020.36**

വിഷയം: **ദിവസവേതനത്തിൽ ജോലി ചെയ്യുന്നവരെ കരാർ വ്യവസ്ഥയിലേക്ക് മാറ്റുന്നത് സംബന്ധിച്ച്**

തീരുമാനം: ദിവസവേതനത്തിൽ നിയമിക്കപ്പെട്ടവരെ കരാർ വ്യവസ്ഥയിൽ നിയമിക്കണമെന്ന ജീവനക്കാരുടെ ആവശ്യം ഈ സന്ദർഭത്തിൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(316/2017/വി.സി. - ഭരണവിഭാഗം)

ഇനം നമ്പർ: **2020.37**

വിഷയം: **അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ**

തീരുമാനം: 1. പിഎച്ച്.ഡി. പ്രബന്ധം ഇംഗ്ലീഷിലാക്കുന്നതു സംബന്ധിച്ച വിഷയം റിസർച്ച് കൗൺസിലിന് വിടാൻ തീരുമാനിച്ചു.

2. ഡി.ലിറ്റ് നൽകുന്നത് നീണ്ടുപോകുന്ന സാഹചര്യത്തിൽ അതുവൈകാതെ നൽകാൻ നടപടികൾ സ്വീകരിക്കുവാൻ യോഗം വി.സി. യെ ചുതമലപ്പെടുത്തി.

നടപടിക്രമങ്ങൾ മുഴുവൻ പൂർത്തിയായതിനാൽ ഉച്ചയ്ക്ക് 12.30 ന് വീഡിയോ കോൺഫറൻസ് വഴി നടന്ന യോഗം അവസാനിച്ചതായി യോഗാദ്ധ്യക്ഷൻ കൂടിയായ വൈസ് ചാൻസലർ അറിയിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്